'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന് അധിക ലോൺ ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.448/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2020

പരാമർശം:- 1 5.2.2015 ലെസ.ഉ(സാധാ) നം. 372/2015/തസ്വഭവ നമ്പർ ഉത്തരവ്.

2 പഞ്ചായത്ത് ഡയറക്ടറുടെ 13/11/2019ലെ PAN/10710/2019-F3(DP) നമ്പർ കത്ത്.

3. ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11/10/2019ലെ എ2-4689/19 നമ്പർ കത്ത്.

4 ശാന്തിഗ്രാം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് (നം. കെ 280) സെക്രട്ടറിയുടെ 14/08/2019ലെ കത്ത്.

5. 29.07.2009ലെ സ.ഉ (എംഎസ്) നം. 147/2009/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

2013 - 14 സാമ്പത്തിക വർഷത്തിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിനോട് ചേർന്ന് മാർക്കറ്റ്-കം-ഷോപ്പിംഗ് ആന്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എഴുപത് ലക്ഷം രൂപ വായ്പയെടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയും എസ്റ്റിമേറ്റ് തയ്യാറാക്കി 7365 സ്ക്വയർ ഫീറ്റുള്ള ഷോപ്പിംഗ് കോംപ്ലക്സ്-കം-ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നാളിതുവരെ 1,08,76,239/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

2. എന്നാൽ ആധുനിക രീതിയിലുള്ള ഓഫീസുകളും, കോൺഫറൻസ് ഹാളും, അനുബന്ധ കെട്ടിടങ്ങളും പൂർത്തീകരിക്കാൻ വേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 80 ലക്ഷത്തിൽപ്പരം രൂപ അധിക ആവശ്യമായി വരുന്നുണ്ടെന്നും താരതമ്യേന പ്ലാൻ ഫണ്ട് കുറവായ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ അനിവാര്യ ചുമതലകൾക്ക് തുക വകയിരുത്തിയതിന് ശേഷം കെട്ടിട നിർമ്മാണത്തിനായി തുക ചെലവഴിക്കാൻ സാധിക്കുകയില്ലെന്നും, ആയതിനാൽ അധിക ലോൺ എടുത്താൽ മാത്രമേ ഇപ്പോഴത്തെ അവസ്ഥയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയും, ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതിക്കായുള്ള അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികൾ

പൂർത്തീകരിച്ച് ലഭ്യമാകുന്ന വാടക / സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപയോഗിച്ച് ലോൺ തിരിച്ചടയ്ക്കാൻ സാധിക്കുന്നതാണെന്നും വിശദമാക്കിയിട്ടുണ്ട്.

3. ലോൺ കാലയളവ് കഴിയുന്നത് വരെ പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്കിൽ തന്നെ നിക്ഷേപിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ജാമ്യ വസ്തു ഈടില്ലാതെ 80,00,000/- രൂപ വായ്പ 13% പലിശ നിരക്കിൽ, 10 വർഷക്കാലയളവിലേക്ക്, പരമാവധി 10 തവണകളായി തിരിച്ചടക്കണമെന്ന വ്യവസ്ഥയോടെ നൽകുന്നതിന് തയ്യാറാണെന്ന് ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമ പഞ്ചായത്തിലെ നിർമ്മാണത്തിലിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് - കം - ഓഫീസ് കെട്ടിട നിർമ്മാണത്തിന് അധിക വായ്പയായി 80,00,000/- (എൺപത് ലക്ഷം രൂപ മാത്രം) 13% പലിശ നിരക്കിൽ ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ജാമ്യവസ്തു ഈടില്ലാതെ , പഞ്ചായത്തിന്റെ തനതു വരുമാനം കൊണ്ട് മാത്രം വായ്പ തുക തിരിച്ചടയ്ക്കണമെന്ന കർശന നിബന്ധനയോടെയും,, 29.07.2009ലെ സ.ഉ( എംഎസ്) നം. 147/2009/തസ്വഭവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരവും, 1963ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റിലെ നിബന്ധനകൾക്കും വിധേയമായി എടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഇരട്ടയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല
സെക്രട്ടറി, ശാന്തിഗ്രാം സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് (നം. കെ 280), ഇടുക്കി ജില്ല
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ